(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഏതെല്ലാം കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) ഏതെല്ലാം കേസ്സുകളിൽ അന്വേഷണം നിറുത്തി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ ഏതെല്ലാം കേസ്സുകൾ ഇപ്പോൾ അന്വേഷണത്തിലാണ്; ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ആധുനികവൽക്കരിച്ച ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം തുടങ്ങാൻ നടപടി

61 [1637] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമീപകാലത്ത് നടന്ന കൊലപാതകങ്ങളും വൻകിട മോഷണങ്ങളും തെളിയിക്കപ്പെടാതെ പോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക പരിശീലനം ലഭിച്ച പരിചയ സമ്പന്നരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി പുതിയ 'ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗം' രൂപീകരിച്ച് അന്വേഷണം ശക്തിപ്പെടുത്തി കേസുകൾ തെളിയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില കൊലപാതകങ്ങളും വൻകിട മോഷണങ്ങളും തെളിവുകളുടേയും സാക്ഷികളുടേയും അഭാവത്തിൽ തെളിയിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പർട്ടി കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിൽ 'ലോ ആന്റ് ഓർഡർ' എന്നും 'ക്രൈംബ്യൂറോ' എന്നും ജോലി രണ്ടായി തിരിച്ച് പരീക്ഷണാർത്ഥം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം വിലയിരുത്തി വരികയാണ്.

ആക്സിഡന്റ് കേസ്സിൽ ഉൾപ്പെട്ട വാഹനങ്ങൾ

62 [1638] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എത്ര ആക്സിഡന്റ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ അപകടങ്ങൾക്കു വിധേയമായ സർക്കാർ വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ, പോലീസ് വാഹനങ്ങൾ, സ്വകാര്യ വാഹനങ്ങൾ എന്നിവയുടെ കണക്കുകൾ നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾക്കായി എത്ര തുക ഓരോ വർഷവും ചെലവാക്കിയിട്ടുണ്ട് എന്നും അപകട നിരക്ക് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നശേഷം റിപ്പോർട്ട് ചെയ്ത ആക്സിഡന്റ് കേസ്സുകളുടെ വർഷം തിരിച്ച വിവരം ചുവടെ ചേർക്കുന്നു:

17-5-2001 മുതൽ 31-12-2001 വരെ	..	23769
2002	..	38311
2003	..	38240
2004 (30-6-2004വരെ)	..	18990
ആകെ	..	119310

(ബി) സർക്കാർ വാഹനങ്ങൾ .. 90
കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ .. 3566
പോലീസ് വാഹനങ്ങൾ .. 156
സ്വകാര്യ വാഹനങ്ങൾ .. 122696

(സി) അപകടങ്ങൾ കുറയ്ക്കുന്ന നടപടികൾക്കായി നാഷണൽ ഹൈവേയിൽ മീഡിയനുകളും, സിഗ്നലുകളും, ട്രാഫിക് ലയിനുകളും ചെയ്തു വരുന്നത് പി. ഡബ്ല്യു. ഡി.-യും എൻ.എച്ച്. അധികൃതരും കൂടാതെ സന്നദ്ധ സംഘടനകളുമാണ്. എന്നാൽ പോലീസ് വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 4,88,877 രൂപ അപകടങ്ങൾ കുറയ്ക്കുന്ന നടപടികൾക്കായി ചെലവാക്കിയിട്ടുണ്ട്. അപകട നിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിവിധ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

63 [1639] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവിധ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെയും അപകടത്തിൽ മരണപ്പെട്ടവരുടെയും ആശ്രിതർക്കും വസ്തുക്കളുടെ നാശനഷ്ടത്തിനും എത്ര പേർക്ക് എന്തു തുക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) അടുത്ത കാലത്തായി കാസർഗോഡ് ഏരിയായിൽ ഉണ്ടായ കുഴപ്പങ്ങൾ കാരണം ധാരാളം നാശനഷ്ടമുണ്ടായിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly